(ഇ) ആദ്യ റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് അർഹരായ ഒരാളൊഴികെ മറ്റെല്ലാവരും പുന:ക്രമീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ്. കോഴ്സിനു തന്നെ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(എഫ്) പുന : ക്രമീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റ് പ്രകാരം മാത്രമേ അഡ്മിഷൻ നടക്കാനാകൂ. പരീക്ഷാ നടപടി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഓപ്പൺ യൂണിവേഴ്സിറ്റി

15 (*105)ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.പി.സി.ജോർജ് :
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.എം.ദാസൻ :
ശ്രീ.ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യൂണിവേഴ്സിറ്റിയുടെ സെന്ററുകൾ എവിടെയൊക്കെ സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; പരമ്പരാഗത കോഴ്സുകൾ നിർബന്ധമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്കു കീഴിൽ പ്രവർത്തിച്ചു വരുന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വകുപ്പുകളെ ഓപ്പൺ യൂണിവേഴ്സിറ്റിക്കു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ ഏതൊക്കെ വകുപ്പുകളെന്ന് വ്യക്തമാക്കാമോ;

(ഇ) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭരണച്ചുമതല എപ്രകാരം നിർവഹിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നിയമനിർമ്മാണം ആവശ്യമാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ-എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം

16 (*106)ശ്രീ.കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly